# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC)

CIN: U74900KL2016SGC040120 www.keralapottery.org


KSPMMWDC/443/2024/P1 തീയതി: 16-08-2024

## ക്വട്ടേഷൻ നോട്ടീസ്

പരമ്പരാഗത കളിമൺ തൊഴിലാളികളുടെ സാർവത്രിക ഉന്നമനം ലക്ഷ്യം വച്ച് മൺപാത്ര ഉല്പാദനത്തിനും വിപണനത്തിനും പുതുജീവൻ പകർന്ന് ആയത് വഴി കളിമൺ വ്യവസായ മേഖലയിലെ സമ്പദ്‌വ്യവസ്ഥയിൽ മാറ്റമുണ്ടാക്കുന്നതിന് പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC)

കളിമൺ ഉത്പാദകരുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി , ഗുണമേന്മയുള്ള എല്ലാ കളിമൺ ഉൽപന്നങ്ങളും (ചെടിച്ചട്ടികൾ, മൺപാത്രങ്ങൾ, കളിമൺ വിഗ്രഹങ്ങൾ, ചുമർ അലങ്കാര വസ്തുക്കൾ, കമ്പോസ്റ്റ് പാത്രങ്ങൾ തുടങ്ങിയവ) കോർപ്പറേഷന്റെ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി താഴെപ്പറയുന്ന മേഖലകളിലെ അനുഭവ സമ്പന്നരായ ഉത്പാദകരിൽ (വ്യക്തി/സ്ഥാപനം/ കളിമൺ സൊസൈറ്റികൾ) നിന്നും കോർപ്പറേഷൻ മുദ്രവച്ച കവറിൽ ക്വട്ടേക്ഷനുകൾ ക്ഷണിക്കുന്നു.

- **മേഖല 1**
  - തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ

  **മേഖല 2**
  - കോട്ടയം, എറണാകുളം, ഇടുക്കി

  **മേഖല 3**
  - തൃശ്ശൂർ, പാലക്കാട്, മലപ്പുറം

മേഖല 4

- കോഴിക്കോട് , വയനാട്, കണ്ണൂർ, കാസർഗോഡ്

താൽപര്യമുള്ളവർ താഴെ പറയുന്ന രീതിയിൽ ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്

ക്വട്ടേഷൻ സമർപ്പിക്കൽ

- "കളിമൺ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി അടയാളപ്പെടുത്തിയ മുദ്രവച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.
- ക്വട്ടേഷൻ ഈ നോട്ടീസിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകാ ഫാറത്തിൽ തന്നെ ആയിരിക്കേണ്ടതാണ്. കൂടുതൽ ഉൽപ്പന്നങ്ങൾ ഉള്ള പക്ഷം, അധികമായി പേപ്പറുകൾ ഉപയോഗിക്കാവുന്നതാണ്.

ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി: 03/09/2024; വൈകുന്നേരം മൂന്ന് മണി

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം:

മാനേജിംഗ് ഡയറക്ടർ,
KSPMMWDC Ltd,
അയ്യങ്കാളി ഭവൻ, രണ്ടാം നില,
കനക നഗർ, കവടിയാർ പി. ഒ,
തിരുവനന്തപുരം 695003,
ഫോൺ: 0471 2727010

<u>നിബന്ധനകൾ</u>

* ഓരോ ഉൽപ്പന്നങ്ങളുടെയും കുറഞ്ഞ നിരക്കിലുള്ള തുക പരിഗണിച്ച് ക്വട്ടേഷനുകൾ ഫൈനലൈസ് ചെയ്യുന്നതാണ്. ഇതിന്മേൽ കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും.

*കാരണമൊന്നും പറയാതെ തന്നെ ഈ ക്വട്ടേഷൻ നടപടികൾ നിർത്തി വയ്ക്കാനോ പിൻവലിക്കാനോ, ക്വട്ടേഷൻ നിരസിക്കാനോ ഉള്ള അവകാശം/ അധികാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

*ക്വട്ടേഷനുകൾ ഇതോടൊപ്പമുള്ള മാതൃകാ ഫാറത്തിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ



e No. KPMWDC/443/2024-P1 (Computer No. 27711)

* താൽപ്പര്യമുള്ള മേഖല കൃത്യമായി മാതൃകാ ഫാറത്തിൽ രേഖപ്പെടുത്തിയിരിക്കണം.

* **അർഹത :** വിതരണക്കാർക്ക് കുറഞ്ഞത് 5 വർഷം കളിമൺ ഉൽപ്പന്നങ്ങൾ വിതരണം ചെയ്ത അനുഭവം ഉണ്ടായിരിക്കണം. ഈ കാലയളവിൽ, സപ്ലൈ ഓർഡറുകൾ ലഭിച്ചവയുടെ രേഖ തെളിവായി സമർപ്പിക്കണം.

- **വില:** ക്വട്ടേഷനിൽ ഉൽപ്പന്നത്തിന്റെ യൂണിറ്റ് വില രേഖപ്പെടുത്തുമ്പോൾ ഉൽപ്പന്നത്തിന്റെ വിലയോടൊപ്പം എല്ലാ നികുതികളും വിതരണ ചെലവുകളും (transportation and loading/ unloading if any) ഉൾപ്പെടെ, ഉൾക്കൊള്ളിക്കണം.ഇത്തരത്തിൽ ഓരോ ഉൽപ്പന്നത്തിന്റെയും വില പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം.

- **ഡെലിവറി:** തിരഞ്ഞെടുക്കപ്പെടുന്ന വെൻഡർമാർ കോർപ്പറേഷനിൽ നിന്നും സപ്ലൈ ഓർഡർ ലഭിച്ചു കഴിഞ്ഞാൽ തുടർന്നുള്ള 7 ദിവസത്തിനകം ഉൽപന്നങ്ങൾ സപ്ലൈ പൂർത്തീകരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ഉൽപന്നങ്ങൾ സപ്ലൈ ചെയ്യാത്ത പക്ഷം ഉത്തരവ് റദ്ദാക്കുകയും, തൊട്ടടുത്ത മേഖലയിലേക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്യും. ഇത് മൂലമുണ്ടാകുന്ന ഏതൊരു നഷ്ടത്തിനും കോർപ്പറേഷൻ ഉത്തരവാദിയായിരിക്കില്ല.

- **പേയ്മെന്റ്:** ഉൽപ്പന്നങ്ങൾ തൃപ്തികരമായി വിതരണം ചെയ്ത് 15 മുതൽ 20 ദിവസത്തിനുള്ളിൽ പേയ്മെന്റ് നടത്തുന്നതാണ്. അഡ്വാൻസ് അനുവദിക്കുന്നതല്ല.

- ഉല്പന്നങ്ങളുടെ ഗതാഗത സമയത്തുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കില്ല.

  - **കരാർ:** തിരഞ്ഞെടുക്കപ്പെടുന്ന വെൻഡർമാർ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നതോടെ, ഈ ടെണ്ടർ നോട്ടീസിലെ എല്ലാ നിബന്ധനകളും അംഗീകരിക്കുന്നതായി കണക്കിലാക്കുന്നതാണ്.

- **സമ്പർക്ക വിവരങ്ങൾ**

- ഈ ക്വട്ടേഷൻ അറിയിപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്, ബന്ധപ്പെടേണ്ട ആഫീസർ:
    - **NAME : ANIL G**
    - **DESIG:MANAGER (I/C)**
    - **ഫോൺ: 04712727010** [പകൽ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ]
    - **ഇമെയിൽ:** kspwdctpm@gmail.com

- പ്രധാനമായ തീയതികൾ
    - നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി: **17.08.2024**
    - ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി: **03/09/2024 at 3.pm**
    - ക്വട്ടേഷനുകൾ തുറക്കുന്ന തീയതി: **03/09/2024 at 04.00 pm**
    - ഹാജരാവുന്നവരുടെ സാന്നിധ്യത്തിൽ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറോ മാനേജിങ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ക്വട്ടേഷൻ തുറക്കുന്നതാണ്

**M Anjana IAS**

മാനേജിങ് ഡയറക്ടർ

## മാതൃകാ ക്വട്ടേഷൻ

തീയതി: ......................

മാനേജിംഗ് ഡയറക്ടർ,
KSPMMWDC Ltd,
അയ്യങ്കാളി ഭവൻ,
കവടിയാർ പി. ഒ,
തിരുവനന്തപുരം

സർ,

KSPMMWDC/443/2024/P1 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ഞങ്ങളുടെ ക്വട്ടേഷൻ സമർപ്പിക്കുന്നു.

താൽപ്പര്യമുള്ള മേഖല : ......................................

<u>ഉൽപന്നങ്ങളുടെ വിവരങ്ങൾ</u>

| ക്രമ നമ്പർ | ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ പേര് (ഇന വിവരണം സഹിതം) | വലിപ്പം/രുപകൽപ്പന (Lxwxh) | നിരക്ക് (ഒരെണ്ണത്തിന് മറ്റ് ചിലവുകൾ സഹിതം) |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| .... | | | |
| .... | | | |

ക്വട്ടേഷൻ നൽകുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ വിലാസം:

ഒപ്പ്: ----------

വിലാസം: ----------

ഫോൺ നം: ----------